**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2664** **06-10-2025 - ൽ മറുപടിയ്ക്ക്**

**ജനറേറ്റീവ് ആർട്ടിഫിഷ്യൽ ഇന്റലിജൻസ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഇ ചന്ദ്രശേഖരൻ,<br>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ ,<br>ശ്രീമതി സി. കെ. ആശ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | സ്വന്തമായി ഉള്ളടക്കം നിർമ്മിക്കുന്ന ജനറേറ്റീവ് എ. ഐ. സാങ്കേതികവിദ്യ പുതിയകാലത്ത് സമസ്തമേഖലകളിലും സ്വാധീനം ചെലുത്തുമെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ഉണ്ട്. കേരളത്തെ നിർമ്മിത ബുദ്ധി, റോബോട്ടിക്സ് പോലുള്ള അത്യാധുനിക സാങ്കേതികവിദ്യാ വ്യവസായങ്ങളുടെ പ്രധാന ഹബ്ബാക്കി മാറ്റുകയെന്ന ലക്ഷ്യത്തോടെ സർക്കാർ നിരവധി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. ഉൽപ്പാദന സംവിധാനങ്ങളെയും സമ്പത്ത് വ്യവസ്ഥകളെയും കൂടുതൽ ഫലപ്രദവും കാര്യക്ഷമവുമാക്കുന്നതിന് നിർമ്മിത ബുദ്ധി (ആർട്ടിഫിഷ്യൽ ഇന്റലിജൻസ്) മേഖലയ്ക്ക് സാധിക്കും. വ്യവസായങ്ങൾ ഭാഗികമോ പൂർണ്ണമോ ആയ ഓട്ടോമേഷനിലേക്ക് നീങ്ങുന്ന ഈ കാലഘട്ടത്തിൽ പ്രസ്തുത മേഖലയിൽ നിർണായക പങ്ക് വഹിക്കാൻ എ.ഐ. സാങ്കേതികവിദ്യയ്ക്ക് കഴിയും. അത് കണക്കിലെടുത്ത് നിർമ്മിത ബുദ്ധി, റോബോട്ടിക്സ്, മറ്റ് ബ്രേക്ക് ത്രൂ സാങ്കേതിക വിദ്യകൾ എന്നിവ ഉൾപ്പെടുന്ന മേഖലയ്ക്ക് 2023 ലെ കേരള വ്യവസായ നയത്തിൽ പ്രത്യേക പ്രാധാന്യം നൽകി മുൻഗണനാ മേഖലകളിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. |
| (ബി) | ജനറേറ്റീവ് എ. ഐ. മേഖലയിലുണ്ടാകുന്ന കുതിച്ചുചാട്ടത്തിൽ കേരളം സ്വന്തം ഇടമുറപ്പിക്കണമെന്നുള്ള ദീർഘവീക്ഷണത്തോടുകൂടിയ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (ബി) | ഉണ്ട്. കേരളത്തിന് ഇണങ്ങുന്ന മേഖലകളിൽ നിക്ഷേപങ്ങൾ പ്രോത്സാഹിപ്പിക്കാനും സംസ്ഥാനത്തെ സാങ്കേതിക വൈദഗ്ദ്ധ്യമുള്ള മാനവ വിഭവശേഷിയെ ശരിയാംവണ്ണം വിനിയോഗിക്കാൻ കഴിയുന്ന ആധുനീക സ്മാർട്ട് വ്യവസായങ്ങൾക്ക് പ്രത്യേക പരിഗണന നൽകുവാനും, അതിലൂടെ ത്വരിതഗതിയിലുള്ള സ്ഥായിയായ വ്യവസായവത്കരണം സാധ്യമാക്കാനും ലക്ഷ്യമിട്ടുകൊണ്ടുള്ളതാണ് സർക്കാരിന്റെ 2023 ലെ പുതിയ വ്യവസായ നയം.<br><br>പ്രസ്തുത നയത്തിൽ ഉൾപ്പെട്ടിട്ടുള്ള 22 മുൻഗണന മേഖലകളിൽ നിർമ്മിത ബുദ്ധി, റോബോട്ടിക്സ്, മറ്റ് ബ്രേക്ക് ത്രൂ സാങ്കേതിക വിദ്യകൾ എന്നിവ ഉൾപ്പെടുന്നുണ്ട്. സൺറൈസ് മേഖലകളിൽ |

| | | | |
|---|---|---|---|
| | | | ഉൾപ്പെട്ടിട്ടുള്ള വ്യവസായങ്ങൾക്ക് വലിയ ആനുകൂല്യങ്ങളാണ് വ്യവസായ നയത്തിൽ പ്രഖ്യാപിച്ചിട്ടുള്ളത്. കൂടാതെ, കേരളത്തിലെ വ്യവസായ വിപ്ലവം 4.0 പരിപ്പോഷിപ്പിക്കുന്നതിന്റെ ഭാഗമായി നിർമ്മിത ബുദ്ധിയുപയോഗിച്ച് പ്രവർത്തിക്കുന്ന നിർമ്മാണ പ്രവർത്തനങ്ങൾ, ഡാറ്റ മൈനിങ് & അനാലിസിസ്, തുടങ്ങി സംരംഭങ്ങൾ ചിലവാക്കുന്ന തുകയുടെ 20% അല്ലെങ്കിൽ പരമാവധി 25 ലക്ഷം രൂപ വരെയോ തിരികെ നൽകുന്നതിനുള്ള പദ്ധതിയും വ്യവസായ നയത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.<br><br>ഈ മേഖലകളുടെ ഉന്നമനം ലക്ഷ്യം വെച്ചുകൊണ്ട് "അന്താരാഷ്ട്ര റോബോട്ടിക് റൗണ്ട് ടേബിൾ", “അന്താരാഷ്ട്ര ജൻ എ.ഐ. കോൺക്ലേവ്” എന്നിവ വിജയകരമായി നടത്തുകയുണ്ടായി. പ്രസ്തുത സമ്മേളനങ്ങളിൽ 200-ൽ പരം കമ്പനികളും / സ്റ്റാർട്ടപ്പുകളും അവയുടെ പ്രതിനിധികളായി 1000-ത്തിൽപരം ഡെലിഗേറ്റുകളും പങ്കെടുത്തിരുന്നു. പ്രസ്തുത മേഖലകളിൽ ഉയർന്നു വരുന്ന കമ്പനികളുടെ ഉൽപ്പന്നങ്ങൾ പ്രദർശിപ്പിച്ചുകൊണ്ട് പ്രത്യേകം എക്സിബിഷനും ടി സംഗമങ്ങളുടെ ഭാഗമായി ഏർപ്പെടുത്തിയിരുന്നതും വൻ വിജയമായിരുന്നു. |

സെക്ഷൻ ഓഫീസർ